**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3503** **05-08-2021 - ൽ മറുപടിയ്ക്ക്**

**ചരക്ക് സേവന നികുതി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു.എ.ലത്തീഫ്** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ചരക്ക് സേവന നികുതി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ജീവനക്കാരുടെ വിരമിക്കൽ മൂലമുണ്ടായ ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ എന്നീ തസ്തികകളിലെ ഒഴിവുകളിലേക്ക് യോഗ്യരായവർക്ക് സർക്കാർ പ്രൊമോഷൻ നൽകി നികത്തിയിട്ടുണ്ട്. അസിസ്റ്റന്റ് കമ്മീഷണർ/സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ ഉണ്ടായ ഒഴിവുകൾ സംസ്ഥാന നികുതി കമ്മീഷണറുടെ വകുപ്പുതല നടപടിക്രമങ്ങളിലൂടെ നികത്തിയിട്ടുണ്ട്. സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ ട്രെയിനിംഗ് പൂർത്തിയാക്കിവരുന്നവരെ നിയമിക്കുന്നതിനായി തത്തുല്യമായ ഒഴിവുകൾ മാറ്റിവെച്ചിട്ടുണ്ട്. 2021 വർഷത്തെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട പ്രസ്തുത തസ്തികകളിലേക്കുള്ള എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്. എന്നാൽ അന്യത്ര സേവനം, മരണം പോലുള്ള ചില ആകസ്മിക കാരണങ്ങളാലും പുതുതായി ഒഴിവുകൾ വന്നുചേർന്നിട്ടുണ്ട്. നിലവിൽ ഒരു ജോയിന്റ് കമ്മീഷണറുടെയും രണ്ട് ഡെപ്യൂട്ടി കമ്മീഷണറുടെയും മൂന്ന് സ്റ്റേറ്റ് ടാക്സ് ഓഫീസർമാരുടെയും ഒഴിവുകൾ നികത്താനുണ്ട്. അഡ്ഹോക്ക് ഡി.പി.സി പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കിയശേഷം പ്രസ്തുത ഒഴിവുകൾ എത്രയും വേഗം നികത്തുന്നതാണ്. |
| (ബി) | നികുതി നിർണ്ണയം നടത്തേണ്ട ഓഫീസുകളിലുൾപ്പെടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ചരക്ക് സേവന നികുതി വകുപ്പിലെ നികുതി നിർണ്ണയം നടത്തേണ്ട ഓഫീസുകളിലുൾപ്പെടെ ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ/സ്റ്റേറ്റ് ടാക്സ് ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ, ഹെഡ് ക്ലർക്ക്, സീനിയർ ക്ലർക്ക് തുടങ്ങി എല്ലാ വിഭാഗം തസ്തികകളിലും ഉണ്ടായിരുന്ന ഒഴിവുകൾ നികത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | നികുതി പിരിവ് കാര്യക്ഷമമമാക്കാനും നികുതി കുടിശ്ശിക പിരിച്ചെടുക്കാനുമുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ജി.എസ്.ടി സംവിധാനത്തിൽ നികുതി പിരിവ് കാര്യക്ഷമമമാക്കുന്നതിനുവേണ്ടി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ആധുനികവൽക്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്ന ആംനസ്റ്റി പദ്ധതി ഭേദഗതികളോടെ ഈ വർഷവും തുടരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ